©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ
## (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
# (ELECTRICITY, LABOUR AND LABOUR WELFARE)

## ആനുകാലിക റിപ്പോർട്ട്
## (2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ളത്)

**PERIODICAL REPORT FROM 1st APRIL 2020 TO 31st MARCH 2021)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്**

**[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th July, 2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII

# (SUBJECT COMMITTEE VII)

# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

# (ELECTRICITY, LABOUR AND LABOUR WELFARE)

ആനുകാലിക റിപ്പോർട്ട്
2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ളത്

(PERIODICAL REPORT FROM 1st APRIL 2020 TO
31st MARCH 2021)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

958/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 29 |

# സബ്ജക്റ്റ് കമ്മിറ്റി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## (2021-2023)

**ഘടന**

<u>ചെയർമാൻ:</u>

ശ്രീ. കെ. കൃഷ്ണൻകുട്ടി,
വൈദ്യുതി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

ശ്രീ. എം. എം. മണി, എം.എൽ.എ.

ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരിവിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 22-7-2020, 21-1-2021 എന്നീ തീയതികളിലായി ആകെ 2 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 22-7-2020-ലെ യോഗത്തിൽ സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി സ്റ്റേറ്റ്മെന്റുകൾ, 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിച്ചു. 21-1-2021-ലെ യോഗത്തിൽ സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി സ്റ്റേറ്റ്മെന്റുകൾ, 2019-20-ലെ വിവിധ വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ കാലതാമസ പത്രികകൾ, 'KASE'-ന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിച്ചു. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 50% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

അദ്ധ്യായം I — സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II — സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III — സമിതി പരിഗണിച്ച ചട്ടങ്ങൾ /എസ്.ആർ.ഒ.കൾ

അദ്ധ്യായം IV — നിയമസഭാ ചട്ടം 235 (A) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങൾ

അദ്ധ്യായം V — നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI — (a) 2020-21-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന കണക്കിൽ

അദ്ധ്യായം VII — സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 30-6-2021-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

കെ. കൃഷ്ണൻകുട്ടി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2021 ജൂൺ 30.

# റിപ്പോർട്ട്

<u>അദ്ധ്യായം I</u>

## സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 24-8-2020-ന് സമർപ്പിച്ചു.

2. 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 24-8-2020-ന് സമർപ്പിച്ചു.

3. 'KASE'-ന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 22-1-2021-ന് സമർപ്പിച്ചു.

<u>അദ്ധ്യായം II</u>

## സമിതി പരിശോധിച്ച ബില്ലുകൾ

ഇല്ല.

<u>അദ്ധ്യായം III</u>

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

ഇല്ല.

<u>അദ്ധ്യായം IV</u>

## നിയമസഭാ ചട്ടം 235 A പ്രകാരം ചേർന്ന യോഗങ്ങളുടെ വിശദാംശങ്ങൾ

ഇല്ല.

അദ്ധ്യായം V

## നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | |
| 1 | 2 | 3 | 4 |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2017-18 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 24-8-2020 |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2019-20 | കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് | 24-8-2020 |
| XXXIX—വൈദ്യുത പദ്ധതികൾ | 2018-19 | എനർജി മാനേജ്മെന്റ് സെന്റർ-കേരള, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 24-8-2020 |
| XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2019-20 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് | ” |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2011-12 | കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 13-1-2021 |

| 1 | 2 | 3 | 4 |
|---|---|---|---|
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് | 13-1-2021 |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2019-20 | കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | ” |
| XXXIX—വൈദ്യുത പദ്ധതികൾ | 2013-14 | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ | ” |
| XXXIX—വൈദ്യുത പദ്ധതികൾ | 2014-15 | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ | ” |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2019-20 | കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 22-1-2021 |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2019-20 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 22-1-2021 |

<u>അദ്ധ്യായം VI</u>

## (a) 2020-21 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിൽ 78 ശിപാർശകളുണ്ടായിരുന്നതിൽ ഖണ്ഡിക നം. 1, 2, 3, 4, 5, 6, 7, 8, 10, 11, 13, 14, 16, 17, 18, 19, 20, 21, 22, 24-40, 44, 46, 48, 49, 62, 63,

64, 65, 77 എന്നിവയിലെ ശിപാർശകളിന്മേൽ മാത്രമാണ് നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമായിട്ടുള്ളത്. ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

| വകുപ്പ് | ശിപാർശ/ഖണ്ഡികകൾ |
|---|---|
| തൊഴിലും നൈപുണ്യവും വകുപ്പ് | 9, 12, 15, 23, 41, 42, 43, 45, 47, 50-61 |
| ഊർജ്ജ വകുപ്പ് | 66-76, 78 |

## (b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും പുതിയ സാമ്പത്തിക വർഷം ആദ്യം എന്ന കണക്കിൽ

1. 2019-20 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

**ശിപാർശ**

2230-01-001-99—ഭരണവും നടത്തിപ്പും

വിഹിതം : 6,27,43,000 രൂപ (പദ്ധതിയേതരം)

ലേബർ കമ്മീഷണറുടെയും അദ്ദേഹത്തിന്റെ ഓഫീസിലെ ജീവനക്കാരുടെയും വേതനം, വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ഇന്ധനം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഭരണവും നടത്തിപ്പും– വെള്ളക്കരം [05(1)] ഇനത്തിൽ 2,00,000 രൂപയും, വൈദ്യുത ചെലവ് [05(2)] ഇനത്തിൽ 4,00,000 രൂപയും വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 1,50,000 രൂപയും ഉൾപ്പെടെ ആകെ 7.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1 )

സർക്കാർ സ്വീകരിച്ച നടപടി

2230-01-001-99-05-01—(Water charges) ശീർഷകത്തിൽ 47,000 രൂപയും 05-02—(electricity) ശീർഷകത്തിൽ 3,20,000 രൂപയും റീ-അപ്രോപ്രിയേഷൻ മുഖേനയും 1,60,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേനയും 21-2—(R&M) ശീർഷകത്തിൽ 1,07,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖേനയും അനുവദിച്ചിരുന്നു.

**ശിപാർശ**

2230-01-001-98—ജില്ല ആഫീസുകൾ

വിഹിതം : 20,02,69,000 രൂപ (പദ്ധതിയേതരം)

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും വാടക, കരം, നികുതി, ഇന്ധനം എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വാടക, കരം, നികുതി (06) ഇനത്തിൽ 4,00,000 രൂപയും ഇന്ധനം (45) ഇനത്തിൽ 1,50,000 രൂപയും ഉൾപ്പെടെ ആകെ 5.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2 )

സർക്കാർ സ്വീകരിച്ച നടപടി

2230-01-001-98-06—(RRT) ശീർഷകത്തിൽ 6,65,000 രൂപ അഡീഷണൽ ആതറൈസേഷൻ മുഖേനയും -45—(POL) ശീർഷകത്തിൽ 2,00,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖേനയും അനുവദിച്ചിരുന്നു.

**ശിപാർശ**

2230-01-101-99—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്

വിഹിതം : 38,08,000 രൂപ (പദ്ധതിയേതരം)

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലെ ജീവനക്കാരുടെയും യാത്രാബത്ത, ഇന്ധനം എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, യാത്രാബത്ത [04(1)] ഇനത്തിൽ 5,00,000 രൂപയും ഇന്ധനം (45) ഇനത്തിൽ 45,000 രൂപയും ഉൾപ്പെടെ ആകെ 5.45 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3 )

<u>അന്തിമ മറുപടി</u>

24-2-2020-ലെ സ. ഉ. (സാധാ.) നമ്പർ 1505/2020/തൊഴിൽ ഉത്തരവിൻ പ്രകാരം 2230-01-101-99-45—P.O.L എന്ന ശീർഷകത്തിൽ ഇന്ധനയിനത്തിൽ 10,000 രൂപയും, മിനിമം വേജസ് അഡ്വൈസറി ബോർഡ് സെക്രട്ടറിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 18-3-2020-ലെ സ. ഉ. (സാധാ.) നമ്പർ 2248/2020/തൊഴിൽ ഉത്തരവിൻ പ്രകാരം 2230-01-101-99-04-1 ശീർഷകത്തിൽ യാത്രാബത്തയിനത്തിൽ 5 ലക്ഷം രൂപയും അധികാനുമതി വഴി അനുവദിച്ചിട്ടുണ്ടെന്ന വിവരം സമിതിയെ അറിയിക്കുന്നു.

**ശിപാർശ**

2230-01-102-98—<u>തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്</u>

വിഹിതം : 3,47,70,000 രൂപ (പദ്ധതിയേതരം)

ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും വെള്ളക്കരം, വൈദ്യുതി ചെലവ്, ടെലിഫോൺ, മറ്റിനങ്ങൾ വിവരസാങ്കേതികവിദ്യ, വാടക, കരം, നികുതി എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>വെള്ളക്കരം [05(01)] ഇനത്തിൽ 20,000 രൂപയും വൈദ്യുതി ചെലവ് [05(02)] ഇനത്തിൽ 5,000 രൂപയും ടെലിഫോൺ ചെലവ് [05(03)] ഇനത്തിൽ 45,000 രൂപയും മറ്റിനങ്ങൾ [05(04)] ഇനത്തിൽ 67,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 6,75,000 രൂപയും വിവരസാങ്കേതികവിദ്യാ (99) ഇനത്തിൽ 10,000 രൂപയും ഉൾപ്പെടെ ആകെ 8.22 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 4 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റിൽ വകയിരുത്തിയ തുക മുഴുവൻ വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമായി വരികയാണെങ്കിൽ ധനപുനഃവിനിയോഗ സാദ്ധ്യതകൂടി പരിശോധിച്ച് ശിപാർശ ലഭ്യമാക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2230-01-103-99—ക്ഷേമകാര്യ പ്രവർത്തനങ്ങൾ (ജനറൽ)

വിഹിതം : 17,55,35,000 രൂപ (പദ്ധതിയേതരം)

101 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെയും 5 ഡെപ്യൂട്ടി ലേബർ ഓഫീസുകളുടെയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ ടെലിഫോൺ ചെലവ് എന്ന ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക കുറവായതിനാൽ, ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 3.5 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5 )

സർക്കാർ സ്വീകരിച്ച നടപടി

2230-01-103-99-05-03—(Telephone) ശീർഷകത്തിൽ 56,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖേന വകയിരുത്തിയിരുന്നു.

**ശിപാർശ**

2230-01-103-89—തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ-പേയ്മെന്റ് മുഖേനയാക്കലും

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

വകുപ്പിന്റെ ആധുനികവത്ക്കരണത്തിനും, അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കുള്ള വാഹനം വാങ്ങുന്നതിനും, അസിസ്റ്റന്റ് ലേബർ ഓഫീസ് സജ്ജീകരണത്തിനും, ഇ-പെയ്മെന്റ് സംവിധാനത്തിനുമായി 2019-20 സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.457 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7 )

സർക്കാർ സ്വീകരിച്ച നടപടി

അധിക തുകയ്ക്കുള്ള ശിപാർശ ലഭ്യമാക്കിയില്ല.

(20-1-2021-ലെ നമ്പർ D3/381/2019/തൊഴിൽ നമ്പർ കത്ത് മുഖേന തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 1, 2, 4, 5, 7 എന്നിവയ്ക്കുള്ള കാലതാമസപത്രിക 22-1-2021-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

2230-01-103-86-10—കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റ് പുതിയ ക്ഷേമപദ്ധതികളും-സംഭാവന

വിഹിതം : 46,80,33,000 രൂപ (പദ്ധതിയേതരം)

തയ്യൽ തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതികളിൽ പെൻഷൻ കുടിശ്ശികയും, 2019-20-ലെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കും തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 102.7138 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10 )

സർക്കാർ സ്വീകരിച്ച നടപടി

വിഷയനിർണ്ണയ സമിതിയുടെ ശിപാർശയുമായി ബന്ധപ്പെട്ട്, പെൻഷൻ വിതരണം ചെയ്ത ഇനത്തിൽ ബോർഡിന് ലഭിക്കാനുള്ള തുകയും കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയും 2019-20-ലെ പെൻഷൻ വിതരണത്തിന് ആവശ്യമായ തുകയും ചേർത്ത്, ബോർഡിൽ അംഗമായിട്ടുള്ള പെൻഷണേഴ്സിന് പെൻഷൻ നൽകുന്നതിനായി Rs. 149,70,46,000 (നൂറ്റിനാൽപ്പത്തിയൊൻപത് കോടി എഴുപത് ലക്ഷത്തി നാൽപ്പത്തിയാറായിരം രൂപ)-യും പ്രത്യേക പ്രസവ ധനസഹായം വിതരണം ചെയ്യുന്നതിനായി Rs. 66,40,40,000 (അറുപത്തിയാറ് കോടി നാൽപത് ലക്ഷത്തി നാൽപതിനായിരം രൂപ)-യും ഉൾപ്പെടെ ആകെ 216,10,86,000 (ഇരുന്നൂറ്റി പതിനാറ് കോടി പത്ത് ലക്ഷത്തി എൺപത്തിയാറായിരം രൂപ) ബോർഡിന് അനുവദിച്ച് നൽകണമെന്ന് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ, ക്ഷേമനിധി ബോർഡുകളുടെ പെൻഷൻ സർക്കാർ ഏറ്റെടുക്കുന്നതിന് മുൻപ് ബോർഡുകൾ സ്വന്തം ഫണ്ടിൽ നിന്നുമാണ് പെൻഷൻ വിതരണം ചെയ്തിരുന്നത് എന്നതിനാൽ ഇക്കാലയളവിൽ പെൻഷൻ വിതരണത്തിന് ബോർഡ് ചെലവാക്കിയ തുക അനുവദിക്കാനാവില്ലാ എന്നും, പെൻഷൻ വിതരണത്തിനായി സർക്കാർ ഫണ്ട് അനുവദിച്ചു തുടങ്ങിയതിനുശേഷം കുടിശ്ശികയായിട്ടുള്ള തുക, പെൻഷൻ കുടിശ്ശിക നൽകുന്നതിനായി ഫണ്ട് അനുവദിക്കുന്ന സമയത്ത് പരിശോധിക്കുന്നതാണെന്നും, 2019 ഏപ്രിൽ മുതൽ 2020 ഏപ്രിൽ വരെ

പെൻഷൻ വിതരണം ചെയ്യുന്നതിന് വേണ്ടി തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് 84,17,13,700 രൂപ അനുവദിച്ചിട്ടുണ്ടെന്നും, സംസ്ഥാനം കടുത്ത സാമ്പത്തിക ഞെരുക്കത്തിലൂടെ കടന്ന് പോകുന്ന സാഹചര്യത്തിൽ പ്രസാവാനുകൂല്യ കുടിശ്ശിക ഇനത്തിൽ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കാനാവില്ല എന്നും ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്.

(13-11-2020-ലെ നമ്പർ LBRD-H1/119/2019-LBRD നമ്പർ കത്ത് മുഖേന തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 10 സംബന്ധിച്ച കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

2230-01-103-59-10—<u>കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്-സംഭാവന</u>

വിഹിതം : 1,50,00,000 രൂപ (പദ്ധതിയേതരം)

മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 2018-19 വരെ സർക്കാരിൽ നിന്നും ലഭിക്കേണ്ട കുടിശ്ശികയ്ക്കായി <u>ഈ ശീർഷകത്തിൽ 14.2592 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 15 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തിൽ ധനകാര്യ വകുപ്പ് 1.5 കോടി രൂപ വിനിയോഗിക്കുന്നതിന് പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുമതി നൽകിയിരുന്നു. എന്നാൽ കോവിഡ്-19 മായി ബന്ധപ്പെട്ട് ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് സാമ്പത്തിക വർഷം അവസാനിച്ചതിനാൽ പ്രസ്തുത തുക വിനിയോഗിക്കുവാൻ സാധിച്ചിരുന്നില്ല. കോവിഡുമായി ബന്ധപ്പെട്ട് ആശ്വാസ ധനസഹായമായി ബോർഡിന് 15-4-2020-ലെ സ. ഉ. (സാധാ.) 438/2020/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 38,56,85,840 രൂപ (മുപ്പത്തെട്ട് കോടി അൻപത്തിആറ് ലക്ഷത്തി എൺപത്തി അയ്യായിരത്തി എണ്ണൂറ്റി നാൽപത് രൂപ മാത്രം) 2006-2007 മുതൽ 2019-2020 സാമ്പത്തികവർഷം വരെയുള്ള അംശദായ കുടിശ്ശിക ഇനത്തിൽ ക്രമീകരിക്കുവാൻ ധനകാര്യ വകുപ്പ് അനുവാദം നൽകിയിട്ടുണ്ട്.

(10-12-2020-ലെ നമ്പർ ആർ1/138/2019/തൊഴിൽ നമ്പർ കത്ത് മുഖേന തൊഴിലും നൈപുണ്യവും (ആർ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 15 സംബന്ധിച്ച കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ്

വിഹിതം : 6,79,17,000 രൂപ (പദ്ധതിയേതരം)

ട്രെയിനിംഗ് ഡയറക്ടറേറ്റിന് വിവിധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ അവധി യാത്രാനുകൂല്യം 04 (4) ഇനത്തിൽ 2.63 ലക്ഷം രൂപയും വെള്ളക്കരം 5 (1) ഇനത്തിൽ 71,000 രൂപയും വൈദ്യുത ചെലവ് 5(2) ഇനത്തിൽ 65,000 രൂപയും ടെലിഫോൺ ചെലവ് 05(3) ഇനത്തിൽ 2 ലക്ഷം രൂപയും മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപ്പണികളും 21 (2) ഇനത്തിൽ 43,000 രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 97,000 രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 7.39 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24 )

സർക്കാർ സ്വീകരിച്ച നടപടി

'2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ് ' എന്ന ശീർഷകത്തിൽ വൈദ്യുത ചെലവ് ഇനത്തിൽ 2,50,000 രൂപ ധനപുനഃവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം : 75,00,000 രൂപ (പദ്ധതി)

വകുപ്പിലെ ജീവനക്കാർക്ക് ആധുനിക സാങ്കേതിക വിദ്യയിലും ഡി.ജി.റ്റി കാലാനുസൃതമായി പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയിൽ പരിശീലനം നൽകൽ, സോഫ്റ്റ്‌വെയറുകൾ, ഗ്രന്ഥശാലയ്ക്കാവശ്യമായ പുസ്തകസംഭരണം, മികച്ച അദ്ധ്യാപകർക്കുള്ള അവാർഡ്, ട്രെയിനിംഗിനാവശ്യമായ മൾട്ടിമീഡിയ സ്റ്റുഡിയോയുടെ നിർമ്മാണം തുടങ്ങിയവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2230-03-001-98—<u>സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ</u>

വിഹിതം : 28,31,000 രൂപ (പദ്ധതിയേതരം)

സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കുന്നതിനായി ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ ഈ ശീർഷകത്തിൽ വൈദ്യുത ചെലവ് 05 (2) ഇനത്തിൽ <u>30,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 26 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

'2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ' എന്ന ശീർഷകത്തിൽ വൈദ്യുത ചെലവ് ഇനത്തിൽ 68,000 രൂപ ധനപുനഃവിനിയോഗംവഴി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2230-03-001-95—<u>ഐ.ടി.യെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ</u>

വിഹിതം : 3,66,00,000 രൂപ (പദ്ധതി)

വിവരസാങ്കേതിക വിദ്യാധിഷ്ഠിത സംരംഭങ്ങളുടെ ഭാഗമായി ഇ-ഓഫീസിന്റെ പൂർത്തീകരണം, ജി.ഐ.എസ്. ആപ്ലിക്കേഷൻ വെർച്ച്വൽ ക്ലാസ്സ് സംവിധാനത്തിന്റെ റീ-വാമ്പിംഗ്, ഓൺലൈൻ പരീക്ഷയ്ക്കുള്ള സോഫ്റ്റ് വെയർ, ഐ.ടി. സെല്ലിന്റെ പശ്ചാത്തല വികസനം, മൂഡിൽ എനേബിൾസ് ലേണിംഗ് പ്ലാറ്റ്ഫോം, ഐ.ടി. സെൽ ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 1.34 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം : 162,56,05,000 രൂപ (പദ്ധതിയേതരം)

വിവിധ വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് 01 (4) ഇനത്തിൽ 25.71 ലക്ഷം രൂപയും യാത്രാബത്ത 04(1) ഇനത്തിൽ 2.2638 കോടി രൂപയും ടെലിഫോൺ ചെലവ് 05 (03) ഇനത്തിൽ 6.23 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും (12) ഇനത്തിൽ 90 ലക്ഷം രൂപയും തൊഴിൽപ്പരവും, പ്രത്യേക സേവനങ്ങൾക്കുള്ള ചെലവുകൾ (28) ഇനത്തിൽ 10 ലക്ഷം രൂപയും വൈദ്യുത ചെലവ് 34(2) ഇനത്തിൽ 15.2 ലക്ഷം രൂപയും ഉൾപ്പെടെ 3.7352 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28 )

സർക്കാർ സ്വീകരിച്ച നടപടി

'2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ' എന്ന ശീർഷകത്തിൽ ടെലിഫോൺ ചെലവ് ഇനത്തിൽ 2,69,000 രൂപ ധനപുനഃവിനിയോഗംവഴിയും സ്റ്റൈപ്പന്റ് ഇനത്തിൽ 20 ലക്ഷം രൂപ വൈദ്യുത ചെലവ് ഇനത്തിൽ 10 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ വഴിയും അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2230-03-101-96—വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം

വിഹിതം : 3,11,58,000 രൂപ (പദ്ധതിയേതരം)

തിരുവനന്തപുരത്തെ വനിതാ വ്യാവസായിക പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് 01(04) ഇനത്തിൽ 87,000 രൂപയും യാത്രാബത്ത 04(1) ഇനത്തിൽ 2.72 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപന്റുകളും (12) ഇനത്തിൽ 1 ലക്ഷം രൂപയും വൈദ്യുതി ചെലവ് 34(02) ഇനത്തിൽ 1.46 ലക്ഷം രൂപയും ഉൾപ്പെടെ 6.05 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

'2230-03-101-96—വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം' എന്ന ശീർഷകത്തിൽ സ്റ്റൈപ്പന്റ് ഇനത്തിൽ 2 ലക്ഷം രൂപയും വൈദ്യുത ചെലവ് ഇനത്തിൽ 2 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2230-03-101-87—<u>ഐ.ടി.ഐ.കളുടെ നവീകരണം</u>

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

വകുപ്പിന് കീഴിലെ ഐ.ടി.ഐ.കളിലെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം അഫിലിയേഷൻ/റീ-അഫിലിയേഷൻ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടിയുള്ള യന്ത്രോപകരണങ്ങളുടെ സംഭരണം, ട്രേഡുകളുടെ റീ-വാമ്പിംഗ്, വർക് ഷോപ്പ്/കെട്ടിടങ്ങളുടെ നവീകരണം, പുനരുദ്ധാരണം, വൈദ്യുതീകരണം, റീവയറിംഗ്, ഐ.ടി. ലാബുകൾ, ജലവിതരണ സംവിധാനം, മറ്റ് ചെറുകിടമരാമത്ത് പണികൾ തുടങ്ങിയവയ്ക്കുള്ള തുക ബഡ്ജറ്റിൽ അനുവദിച്ചത് അപര്യാപ്തമായതിനാൽ ചെറുകിട മരാമത്ത് പണികൾ (17) ഇനത്തിൽ 12.3782 കോടി രൂപയും മറ്റു ചെലവുകൾ (34) ഇനത്തിൽ <u>17.6218 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 30 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധികതുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2230-03-101-76—<u>വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം</u>

വിഹിതം : 86,23,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിന് 2019-20 സാമ്പത്തികവർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ <u>യാത്രാബത്ത 04(1) ഇനത്തിൽ 74,000 രൂപയും</u>

മറ്റിനം 34(3) ഇനത്തിൽ 2.68 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.42 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31 )

സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ/ധനപുനഃവിനിയോഗംവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല.

**ശിപാർശ**

2230-03-101-74—വനിതാ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ

വിഹിതം : 2,28,83,000 രൂപ (പദ്ധതിയേതരം)

വനിതാ ഐ.ടി.ഐ.കൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ 29,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32 )

സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ/ധനപുനഃവിനിയോഗംവഴി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല.

**ശിപാർശ**

2230-03-101-73—ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ.കൾ ശക്തിപ്പെടുത്തൽ

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളായ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ചിത്തിരപുരം, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ എന്നിവിടങ്ങളിൽ ഭാഷാ ന്യൂനപക്ഷ ഐ.ടി.ഐ.കൾ സ്ഥാപിച്ചതിന്റെ ഭാഗമായി 2019-20 സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2230-03-101-65-01—<u>ജോബ്സ് ആന്റ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം - സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷൻ, കേരള</u>

വിഹിതം : 2,00,000 രൂപ (പദ്ധതി)

കേന്ദ്ര സർക്കാരിന്റെ സ്കിൽ ഡെവലപ്മെന്റ് & എന്റർപ്രണർഷിപ്പ് മന്ത്രാലയത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനും നടപ്പാക്കുന്നതിനും രൂപീകരിച്ച ദേശീയ നൈപുണ്യ വികാസയജ്ഞ (NSDM) ത്തിനോടനുബന്ധിച്ച് സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (SIMO) ന്റെ ഭാഗമായി, സംസ്ഥാന സർക്കാർ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE)നെ നോഡൽ ഏജൻസിയായി പരിഗണിച്ചുകൊണ്ട് നൈപുണ്യ വികസനത്തിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതമായി 2019-20 വർഷത്തിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ടി പദ്ധതിക്ക് അപര്യാപ്തമായതിനാൽ <u>3.98 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>.

(ഖണ്ഡിക 34 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2230-03-101-62—<u>ഐ.ടി.ഐ.കൾ മെച്ചപ്പെടുത്തൽ</u>

വിഹിതം : 4,47,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തെ 10 രണ്ടാം നിര ഐ.ടി.ഐ.കളായ ആര്യനാട്, കൽപ്പറ്റ, കുഴൽമന്ദം, ദേശമംഗലം, കൊയിലാണ്ടി, ചാത്തന്നൂർ, ബി.റ്റി.സി.കൊല്ലം, നിലമ്പൂർ, അട്ടപ്പാടി, പേരാമ്പ്ര എന്നിവയെ ഒന്നാംനിര ഐ.ടി.ഐ.കൾ ആക്കി മാറ്റാൻ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾക്കായി <u>2019-20 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധികമായി 53 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 35 )

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം : 4,78,20,000 രൂപ (പദ്ധതിയേതരം)

ദേശീയ തൊഴിലഭ്യസന സെന്ററുകളിൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും (12) ഇനത്തിൽ 1.9665 കോടി രൂപയും തൊഴിൽപ്പരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ (28) ഇനത്തിൽ 3 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 1.9965 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36 )

സർക്കാർ സ്വീകരിച്ച നടപടി

'2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ' എന്ന ശീർഷകത്തിൽ സ്റ്റൈപ്പന്റ് ഇനത്തിൽ 1,50,000 രൂപ ധനപുനഃവിനിയോഗംവഴി അനുവദിച്ചിട്ടുണ്ട്.

(28-9-2020-ലെ നമ്പർ C4/168/2019/തൊഴിൽ നമ്പർ കത്ത് മുഖേന തൊഴിലും നൈപുണ്യവും (സി) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 24-36, 55 എന്നിവയ്ക്കുള്ള കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

2230-01-102-99—വ്യവസായശാലാ ഡയറക്ടറാഫീസ്

വിഹിതം : 13,38,09,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 8.06 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46 )

**ശിപാർശ**

2230-01-102-95—ജോലി സുരക്ഷിതത്വവും ആരോഗ്യ പ്രവർത്തനവും

വിഹിതം : 1,45,70,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 57.66 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 46 & 47)

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് 2019-20 സാമ്പത്തികവർഷത്തിൽ 2230-01-102-99 (പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അനുവദിച്ച 13,38,09,000 രൂപ പര്യാപ്തമായിരുന്നു. പ്രസ്തുത തുകയിൽ 13,35,21,639 രൂപ ചെലവുകഴിഞ്ഞ് ബാക്കി തുക സറണ്ടർ ചെയ്തിട്ടുണ്ട്.

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് 2019-20 സാമ്പത്തിക വർഷത്തിൽ 2230-01-102-95 (പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അനുവദിച്ച 1,45,70,000 രൂപ പര്യാപ്തമായിരുന്നു. പ്രസ്തുത തുകയിൽ 1,41,99,341 രൂപ ചെലവുകഴിഞ്ഞ് ബാക്കി തുക സറണ്ടർ ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, വിഷയ നിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) - 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ നാലാമത് പരിശോധന റിപ്പോർട്ടിലെ 46,47 ഖണ്ഡികകൾ പ്രകാരം ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന് അധികമായി വകയിരുത്താൻ ശിപാർശ ചെയ്ത തുക ആവശ്യമില്ല.

(11-11-2020-ലെ നമ്പർ B2/205/2019/തൊഴിൽ നമ്പർ കത്ത് മുഖേന തൊഴിലും നൈപുണ്യവും (ബി) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 46, 47 എന്നിവയുള്ള കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

2230-03-101-66-36—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് ധനസഹായം

വിഹിതം ; 2,50,00,000 രൂപ (പദ്ധതി)

KILE CAMPUS എന്ന പേരിൽ ഇൻസ്റ്റിറ്റ്യൂട്ടിനെ ദേശീയ നിലവാരമുള്ള ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തുന്നതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കും, കിലെയുടെ ഒരു

റീജിയണൽ സെന്റർ കോഴിക്കോട് ആരംഭിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ള ഇൻഡസ്ട്രിയൽ കം എന്റർടൈൻമെന്റ് ടൂർ സംഘടിപ്പിക്കുന്നതിനും Existing Scheme-ലെ മറ്റ് പ്രവർത്തനങ്ങൾക്കും ടി തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.60 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48 )

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച് നടപ്പ് സാമ്പത്തികവർഷം പദ്ധതി, പദ്ധതിയിതര ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം തുകയുടെ വിനിയോഗ സാക്ഷ്യപത്രം സഹിതം ആവശ്യമായ തുകയ്ക്ക് ശിപാർശ സമർപ്പിക്കുന്നമുറയ്ക്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും കൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടറെ അറിയിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശം അനുസരിച്ച് പ്രൊപ്പോസൽ സർക്കാരിന് ലഭ്യമാക്കാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2230-03-101-66-31—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് ധനസഹായം

വിഹിതം - 27,87,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും, മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10.58 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച് നടപ്പ് സാമ്പത്തിക വർഷം പദ്ധതി, പദ്ധതിയിതര ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം തുകയുടെ വിനിയോഗ സാക്ഷ്യപത്രം സഹിതം ആവശ്യമായ തുകയ്ക്ക് ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക

സ്ഥിതിയും കൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടറെ അറിയിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശം അനുസരിച്ച് പ്രൊപ്പോസൽ സർക്കാരിന് ലഭ്യമാക്കാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(6-1-2021-ലെ നമ്പർ G2/132/2019-LBRD നമ്പർ കത്ത് മുഖേന തൊഴിലും നൈപുണ്യവും (ജി) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 48, 49 എന്നിവയുള്ള കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

4202-02-105-85—ഐ.ടി.ഐ. കെട്ടിട ജോലികൾ

വിഹിതം : 25,00,00,000 രൂപ (പദ്ധതി)

പിണറായി ഐ.ടി.ഐ.യ്ക്ക് സ്ഥലം, കെട്ടിടനിർമ്മാണം എന്നിവയ്ക്കും കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, കാസർഗോഡ് ജില്ലയിലെ പീലിക്കോട്, തിരുവനന്തപുരം ജില്ലയിലെ വർക്കല എന്നീ ഐ.ടി.ഐ.കൾക്ക് കെട്ടിട നിർമ്മാണത്തിനും അധികതുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 42 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55 )

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം ചെലവഴിക്കപ്പെടാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

1. സംസ്ഥാനത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

**ശിപാർശ**

സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുമ്പോൾ ടി സ്ഥാപനങ്ങളിൽ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്നതിന്റെ പരിശോധന കർശനമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുമ്പോൾ ടി സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് നിയമപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇതിനകം നൽകിയിട്ടുള്ളതാണ്. അടുത്ത തവണ ഗ്രേഡിംഗ് നടപ്പിലാക്കുമ്പോൾ ടി പരിശോധനകൾ കൂടുതൽ കർശനമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**ശിപാർശ**

തൊഴിലുടമകൾ നൽകുന്ന ഉത്തരങ്ങൾ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ക്രോസ് ചെക്കിംഗ് നടത്തുമ്പോൾ തൊഴിലാളികളുടെ അഭിപ്രായം കൂടി കണക്കിലെടുക്കുന്നുണ്ടെന്നും ഗ്രേഡിംഗ് കൊണ്ട് ഉദ്ദേശിക്കുന്നതുതന്നെ ഷോപ്പുകളിൽ മിനിമം വേജസ് പോലുള്ള നിയമങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്നുള്ള പരിശോധനയാണെന്നും എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ട് ഗ്രേഡിംഗിൽ വരുന്ന ഉടമകൾക്കൊരു അവാർഡ് നൽകുന്നതിനും നല്ല സർവ്വീസും സേവനവും കണക്കാക്കി തൊഴിലാളികൾക്ക് 'ശ്രേഷ്ഠ അവാർഡ്' നൽകാനുള്ള തീരുമാനവും ഗവൺമെന്റിനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. തൊഴിലുടമകൾ തൊഴിലാളികൾക്ക് മിനിമം വേതനം, റെസ്റ്റ് റൂം, ഓവർടൈം വേജസ് എന്നിവ ലഭ്യമാക്കുന്നുണ്ടോയെന്നും തൊഴിലാളികൾ സംതൃപ്തരാണോയെന്നും അവരുടെ അഭിപ്രായം കൂടി ആരായുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തൊഴിലുടമകൾ പൂരിപ്പിച്ച് സമർപ്പിക്കുന്ന ചോദ്യാവലി തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഓൺലൈൻ ആയിക്രോസ്ചെക്കിംഗ് നടത്തുമ്പോൾ, ടി സ്ഥാപനത്തിൽ അവസാനം നടത്തിയിട്ടുള്ള പരിശോധനകളും നിയമ ലംഘനങ്ങളും സംബന്ധിച്ച വിവരങ്ങളും കൂടി ഓൺലൈൻ ആയി പരിശോധിക്കുന്നതിനുള്ള സൗകര്യം സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കിയിട്ടുണ്ട്. ടി വിവരങ്ങളുടെയും, സ്ഥാപനങ്ങളിൽ നേരിട്ട് നടത്തുന്ന പരിശോധനകൾ മുഖേന ലഭിക്കുന്ന വസ്തുതകളുടെയും പരിശോധനാവേളയിൽ തൊഴിലാളികളുമായി നേരിട്ട് സംവദിച്ച് ശേഖരിക്കുന്ന വിവരങ്ങളുടെയും അടിസ്ഥാനത്തിലാണ് ഉദ്യോഗസ്ഥർ നിലവിൽ ക്രോസ്ചെക്കിംഗ് നടപടികൾ പൂർത്തിയാക്കുന്നത്. എന്നിരുന്നാലും റിപ്പോർട്ടിലെ നിർദ്ദേശാനുസരണം, സ്ഥാപന ഉടമ ഗ്രേഡിംഗിനായി സമർപ്പിക്കുന്ന അപേക്ഷയിന്മേൽ തൊഴിലാളികളുടെ അഭിപ്രായംകൂടി ആരായുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ശിപാർശ**

ഗ്രേഡിംഗിനായി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്കുള്ള മാർക്ക് പരിധി ഉയർത്തി 50 ശതമാനത്തിൽ കൂടുതൽ വരുന്നതിന് വജ്രയും 80 മുതൽ 90 വരെ സുവർണ്ണയും 70 മുതൽ 80 വരെ രജതയും എന്ന രീതിയിലായാൽ നന്നാകുമെന്നും ആയതിനാൽ ഗ്രേഡിംഗ് സിസ്റ്റത്തിൽ നിന്നും അയോഗ്യരാവുന്ന എല്ലാ സ്ഥാപനങ്ങളെയും ഗ്രേഡിംഗിലേക്ക് തിരിച്ച് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണമെന്നും, ഗ്രേഡിംഗിനായി ലഭിച്ച അപേക്ഷകളിൽ അയോഗ്യരായ സ്ഥാപനങ്ങൾ തൊഴിൽ നിയമം പാലിക്കാത്തവരായതുകൊണ്ട് അവർക്കെതിരെ വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

രണ്ടാം ഘട്ടമായി 2018-ൽ നടത്തിയ ഗ്രേഡിംഗിൽ മാർക്ക് പരിധി ഉയർത്തി, 90-ഉം അതിലധികവും മാർക്ക് ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് വജ്രയും 80 മുതൽ 89 വരെ മാർക്ക് ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് സുവർണ്ണയും 70 മുതൽ 79 വരെ മാർക്ക് ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് രജത അവാർഡും നൽകുന്ന രീതിയിലാണ് രണ്ടാം ഘട്ട ഗ്രേഡിംഗിൽ നടപടി സ്വീകരിച്ചിട്ടുള്ളത്. അവാർഡുകളുടെ എണ്ണം കുറച്ച് മെച്ചപ്പെട്ട മൊമെന്റോ നൽകിക്കൊണ്ട് മൂല്യം കൂട്ടുന്നതാണ് മെച്ചപ്പെട്ട രീതി എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ, മാർക്ക് പരിധി ഉയർത്തി, ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന സ്ഥാപനങ്ങൾക്ക് വജ്ര അവാർഡും തൊട്ടുതാഴെ മാർക്ക് ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് സുവർണ്ണ അവാർഡും അതിനു തൊട്ടുതാഴെ മാർക്ക് ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് രജത അവാർഡും നൽകി അവാർഡുകളുടെ എണ്ണം കുറയ്ക്കുന്നതിനായി ലേബർ കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയതിനെ തുടർന്ന് മികച്ച ഗ്രേഡ് കരസ്ഥമാക്കുന്നതിനായി സ്ഥാപനങ്ങളുടെ ഇടയിൽ ആരോഗ്യകരമായ ഒരു മത്സരം നടക്കുന്നതിനാൽ കൂടുതൽ മെച്ചപ്പെടുന്നതിനുള്ള ശ്രമങ്ങൾ സ്ഥാപന ഉടമകളുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നുണ്ട്. തൊഴിൽ നിയമ ലംഘനങ്ങളിൽ നടപടി നേരിടുന്ന സ്ഥാപനങ്ങൾ ഉടനടി ഗ്രേഡിംഗിന്റെ പരിധിയിൽ നിന്ന് ഒഴിവാകുന്ന രീതിയിലാണ് പരിശോധനാ നടപടികൾ ക്രമീകരിച്ചിട്ടുള്ളത്. ഗ്രേഡിംഗിൽ നിന്ന് പുറത്താവുന്ന സ്ഥാപനങ്ങളിൽ തൊഴിൽ നിയമങ്ങൾ പ്രകാരം പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

**ശിപാർശ**

ഗ്രേഡിംഗ് സിസ്റ്റത്തിലേയ്ക്ക് ഘട്ടം ഘട്ടമായി എല്ലാവരെയും ഉൾപ്പെടുത്തുന്നതിനായി ഇപ്പോൾ നിലവിൽ വന്നിരിക്കുന്ന ഉത്തരവിൽ ഗ്രേഡിംഗിനായി അപേക്ഷ നൽകുന്നതിന് ഒരു സമയപരിധി നിശ്ചയിക്കണമെന്നും പ്രസ്തുത സമയപരിധിക്കുള്ളിൽ അപേക്ഷ നല്കാത്ത തൊഴിലുടമകളിൽ നിന്ന് നിശ്ചിത തുക പിഴയായി ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഗ്രേഡിംഗ് ഒരു തുടർച്ചയായ സംവിധാനമാക്കി വകുപ്പിന്റെ ഓൺലൈൻ സോഫ്റ്റ്‌വെയർ ആയ എൽ.സി.എ.എസ്.ൽ ഉൾപ്പെടുത്തി, ഓരോ വർഷവും നിശ്ചിത കാലയളവിൽ സ്ഥാപന ഉടമകളിൽ നിന്ന് ചോദ്യാവലികൾ പൂരിപ്പിച്ചുവാങ്ങി സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി ടി സോഫ്റ്റ്‌വെയറിന്റെ നവീകരണത്തിന്റെ ഭാഗമായി എൽ.സി.എ.എസ്.-ൽ ഒരു മൊഡ്യൂൾ ആയി ഉൾപ്പെടുത്തി, യഥാസമയം അപേക്ഷകൾ സ്വീകരിച്ച്, നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഒരു സ്ഥിരം സംവിധാനം രൂപീകരിക്കുന്നതാണ്.

**ശിപാർശ**

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് നിയമം ബാധകമായിട്ടുള്ള സ്ഥാപനങ്ങളെയും അതിനുതാഴെയുള്ള ചെറുകിട സ്ഥാപനങ്ങളെയും ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളെയും ഗ്രേഡിംഗ് സിസ്റ്റത്തിൽ ഉൾപ്പെടുത്തുമ്പോൾ തൊഴിലാളികളോട് മനുഷ്യത്വപരമായി പെരുമാറുന്നതിനും അവരുടെ മാനുഷിക അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുതകുന്ന തരത്തിലുള്ള ക്രമീകരണങ്ങളുണ്ടാക്കുന്നതിനും എന്തെങ്കിലും പുതിയ ഉത്തരവോ മറ്റോ ആവശ്യമായി വന്നാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തൊഴിലാളികളോട് മനുഷ്യത്വപരമായി പെരുമാറുന്നതിനും അവരുടെ മാനുഷിക അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുമുതകുന്ന സാഹചര്യം സ്ഥാപനങ്ങളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയാണ് ഗ്രേഡിംഗ് അപേക്ഷയിൽ നടപടികൾ സ്വീകരിച്ചുവരുന്നത്. ആയതിലേക്ക് ഏതെങ്കിലും തരത്തിലുള്ള ഉത്തരവുകൾ ആവശ്യമായി വരുന്നപക്ഷം അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ശിപാർശ**

ഷോപ്പുകളിലെ സ്ത്രീ തൊഴിലാളികൾക്ക് ജോലി ചെയ്യുന്ന സമയത്ത് അത്യാവശ്യം ഇരിക്കാനുള്ള സൗകര്യം, പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യം, മുലയൂട്ടുന്ന അമ്മമാരുണ്ടെങ്കിൽ അതിനുള്ള സൗകര്യം, കുട്ടികളെ പരിപാലിക്കുവാനുള്ള സൗകര്യം തുടങ്ങിയ ആവശ്യങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള ബിൽ കേരള നിയമസഭ പാസ്സാക്കിയത് ശ്ലാഘനീയമാണെന്ന് സമിതി വിലയിരുത്തുന്നു.

(ഖണ്ഡിക 13)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിയമത്തിലെ ടി വ്യവസ്ഥകൾ സ്ഥാപനങ്ങളിൽ പാലിക്കപ്പെടുന്നുണ്ടെന്നത് പരിശോധനകളിലൂടെ തൊഴിൽ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

**ശിപാർശ**

ഓൺലൈൻവഴി സമർപ്പിക്കുന്ന രേഖകൾ പരിശോധിച്ച് തൊഴിലാളികൾക്ക് എല്ലാ സംരക്ഷണവും ഉറപ്പുവരുത്തുകയാണ് ഗ്രേഡിംഗ് കൊണ്ടുദ്ദേശിക്കുന്നതെന്നും അതിനായി തൊഴിലാളികളുടെയും ഉടമകളുടെയും സംഘടനാ തലത്തിലെ അഭിപ്രായങ്ങൾ തേടിയിട്ടാണ് ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതെന്നും സമിതി നിരീക്ഷിക്കുന്നു. ഏറ്റവും മികച്ച രീതിയിൽ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾക്ക് അംഗീകാരം നൽകണമെന്ന ട്രേഡ് യൂണിയൻ സംഘടനകളുടെ അഭിപ്രായം പരിഗണിച്ച് 2018-19-ലെ ബഡ്ജറ്റിലെ "തൊഴിലാളി ശ്രേഷ്ഠ അവാർഡ്" പ്രഖ്യാപിച്ച് ആയത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചത് പ്രശംസനീയമാണെന്ന് സമിതി നിരീക്ഷിക്കുന്നു.

(ഖണ്ഡിക 14)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

6-8-2019-ലെ സ. ഉ. (കൈ.) നമ്പർ 34/2019/തൊഴിൽ പ്രകാരം തൊഴിലാളി ശ്രേഷ്ഠ അവാർഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ശിപാർശ**

കേരളത്തിൽ ഗ്രേഡിംഗ് സമ്പ്രദായം വ്യാപകമായി നടപ്പിലാക്കുന്നതിനും 20 തൊഴിലാളികളിൽ താഴെയുള്ള സ്ഥാപനങ്ങളെയും കോർപ്പറേറ്റിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളെയും ഗ്രേഡിംഗിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡികം 15)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇരുപത് തൊഴിലാളികളിൽ താഴെയുള്ള സ്ഥാപനങ്ങളെയും കോർപ്പറേറ്റ് വിഭാഗത്തിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഗ്രേഡിംഗിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ശിപാർശ**

തൊഴിലുടമകളിൽ നിന്ന് ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിനോടൊപ്പം തൊഴിൽ വകുപ്പ് അപേക്ഷ വിതരണം ചെയ്ത് നിശ്ചിത ദിവസത്തിനകം അത് നിർബന്ധമായും പൂരിപ്പിച്ച് വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഏറ്റവും വേഗത്തിലും സുതാര്യമായും അപേക്ഷകൾ സ്വീകരിക്കുന്നതിനും പരിശോധനകൾ നടത്തുന്നതിനും മേലുദ്യോഗസ്ഥർക്ക് നടപടികൾ വീക്ഷിക്കുന്നതിനും തൊഴിലുടമകൾക്ക് സമയാസമയങ്ങളിൽ അപേക്ഷയുടെ സ്റ്റാറ്റസ് ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം നിലവിലുള്ളപ്പോൾ, ഇപ്രകാരം അപേക്ഷകൾ പ്രിന്റ് ചെയ്ത് തൊഴിലുടമകൾക്ക് ലഭ്യമാക്കി, തിരികെ സ്വീകരിച്ച്, പരിശോധനകൾ നടത്തുന്നത് തൊഴിലുടമകൾക്ക് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്കും ബുദ്ധിമുട്ടുണ്ടാക്കുകയും ജോലി ഭാരം വർദ്ധിപ്പിക്കുകയും പദ്ധതിയുടെ നടത്തിപ്പ് ചെലവ് വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് കാണുന്നു. ഗ്രേഡിംഗ് അപേക്ഷകളുടെ ആദ്യഘട്ട പരിശോധനകൾ നിർവ്വഹിക്കുന്നത് അസിസ്റ്റന്റ് ലേബർ ഓഫീസർമാരാണ്. വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തൊട്ടാകെ ആകെ 102 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മാത്രമാണ് ഉള്ളത്. പ്രിന്റ് ചെയ്ത അപേക്ഷകൾ തൊഴിലുടമകൾക്ക് ലഭ്യമാക്കുകയും സമയബന്ധിതമായി അവ ശേഖരിച്ച് നടപടികൾ പൂർത്തീകരിക്കുകയും ചെയ്യുന്നത് അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ ജോലി ഭാരം വളരെയധികം വർദ്ധിപ്പിക്കുമെന്ന് കാണുന്നു. മാത്രമല്ല സമയാസമയങ്ങളിൽ അപേക്ഷകളുടെ സ്റ്റാറ്റസ് തൊഴിലുടമകൾക്ക് ലഭ്യമാക്കുന്നതിനോ അപ്പീൽ അപേക്ഷകൾ യഥാസമയം കൃത്യമായി സ്വീകരിക്കുന്നതിനോ സാധിക്കുകയില്ല എന്നും കാണുന്നു. അപേക്ഷകൾ സ്വീകരിക്കുന്നതിനും വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ മുഖേന പ്രോസസ്സ് ചെയ്യുന്നതിനുമുള്ള സമയപരിധി കൃത്യമായി പാലിക്കാൻ ഹാർഡ് കോപ്പി അപേക്ഷകൾ സ്വീകരിക്കുന്നതിലൂടെ കഴിയില്ലെന്ന് കാണുന്നു. ആയതിനാൽ സ്ഥാപനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങളും പരിശീലനങ്ങളും നൽകി കൂടുതൽ സ്ഥാപനങ്ങളെ ഗ്രേഡിംഗിന്റെ പരിധിയിൽ കൊണ്ടുവന്ന്, ഓൺലൈൻ സംവിധാനം തന്നെ തുടരുന്നതായിരിക്കും ഉചിതമെന്ന് കാണുന്നു.

**ശിപാർശ**

ഫാക്ടറീസ് ആക്റ്റിലെ സെക്ഷൻ 2(എം) കാറ്റഗറിയിൽ വരുന്നതും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതുമായ ഫാക്ടറികളെ അവയുടെ വ്യത്യസ്ത തലത്തിലുള്ള സുരക്ഷിതത്വ ആരോഗ്യക്ഷേമ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്നതിന്റെ ഭാഗമായി വകുപ്പിന്റെ സേവനങ്ങൾ ഓൺലൈൻ ആയി നൽകുന്ന "ഫാബോസ് " എന്ന പോർട്ടലിലെ ഫാക്ടറി മാനേജ്മെന്റുകളുടെ പ്രൊഫൈലിൽ ഗ്രേഡിംഗ് എന്ന മൊഡ്യൂൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിലുടമയുമായും തൊഴിലാളികളുമായും ഫാക്ടറി ഇൻസ്പെക്ടറുമായും ബന്ധപ്പെട്ട നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കിയ ചോദ്യാവലികൾ ഉൾപ്പെടുന്ന ടി മോഡ്യൂൾ ഉപയോഗപ്പെടുത്തി ഗ്രേഡിംഗിനായുള്ള ചോദ്യാവലി പൂരിപ്പിച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ 20 തൊഴിലാളികളിൽ കൂടുതൽ ജോലി ചെയ്യുന്ന 2 (എം) വിഭാഗത്തിൽ ഉൾപ്പെടുന്ന എല്ലാ രജിസ്റ്റേഡ് യൂസേഴ്സിനും (ഫാക്ടറി ഉടമകൾ) എസ്.എം.എസ്., ഇ-മെയിൽ എന്നിവ അയച്ചിട്ടുണ്ടെന്നും ഇൻസ്പെക്ടർമാർ ഫാക്ടറി പരിശോധന സമയത്ത് ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ മാനേജ്മെന്റുകൾക്ക് നൽകുന്നുണ്ടെന്നും ചോദ്യാവലി മുഖേന ഇൻസ്പെക്ടർമാർ നേരിട്ട് വിവരശേഖരണം നടത്തി പ്രവർത്തനമികവ് വിലയിരുത്തി ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഡയമണ്ട്, പ്ലാറ്റിനം, ഗോൾഡ്, സിൽവർ, ബ്രോൺസ് എന്നിങ്ങനെ ഗ്രേഡിംഗ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 17)

**ശിപാർശ**

പ്രസ്തുത ഗ്രേഡിംഗ് സംവിധാനം വകുപ്പിൽ 11-6-2018-ൽ നടപ്പിലാക്കിയശേഷം ഗ്രേഡിംഗിനായി കൊല്ലം മേഖലയിൽ നിന്ന് 104 അപേക്ഷകളും, എറണാകുളം മേഖലയിൽ നിന്ന് 254 അപേക്ഷകളും കോഴിക്കോട് മേഖലയിൽ നിന്ന് 57 അപേക്ഷകളും ഉൾപ്പെടെ ആകെ 415 അപേക്ഷകൾ ഓൺലെൻ വഴി വകുപ്പിൽ ലഭിച്ചിട്ടുണ്ടെന്നും ആയത് ഫാക്ടറി ഇൻസ്പെക്ടർ പരിശോധിച്ച് പ്രോസസ്സ് ചെയ്തുവരുന്നുവെന്നും കൂടുതൽ "ഗ്രേഡിംഗ്" അപേക്ഷകൾ സമർപ്പിക്കുന്നതിനായി മാനേജ്മെന്റുകൾക്ക് അറിയിപ്പും വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനായി മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും ഡിവിഷണൽ ഇൻസ്പെക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഓരോ വർഷവും മാർച്ച് 4-ാം തീയതി ദേശീയ സുരക്ഷിതത്വ ദിനത്തോടനുബന്ധിച്ച് നടത്തുന്ന സേഫ്റ്റി അവാർഡിന് മികച്ച ഗ്രേഡിംഗ് ലഭിക്കുന്നവരെയും പരിഗണിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഫക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലുള്ള 22 ഇൻസ്പെക്ടർമാരെ മാത്രം ഉപയോഗിച്ച് ഇത്രയും അപേക്ഷകൾ

സമയബന്ധിതമായി പരിശോധിക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി നിലവിലുള്ള സ്റ്റാഫിനെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പൂൾ തയ്യാറാക്കി മുപ്പതോ നാൽപ്പതോ ദിവസം നൽകിക്കൊണ്ട് ഇത്തരം കാര്യങ്ങൾ പ്രോസസ്സ് ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്ന് നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 18)

<u>സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 17 & 18)</u>

സംസ്ഥാനത്ത് 20 തൊഴിലാളികളിൽ കൂടുതൽ ജോലി ചെയ്യുന്ന സെക്ഷൻ 2(എം) വിഭാഗത്തിൽപ്പെടുന്ന ഏഴായിരത്തി ഇരുന്നൂറോളം ഫാക്ടറികളാണ് നിലവിലുള്ളത്. ആയതിൽ 2018 വർഷത്തേക്ക് ഗ്രേഡിംഗിനായി 415 അപേക്ഷകളും 2019-ൽ 407 അപേക്ഷകളുമാണ് ലഭിച്ചത്. ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ നിലവിലുള്ള 22 ഫാക്ടറി ഡിവിഷനുകളിൽ 2018-ലും 2019-ലും ലഭിച്ച ശരാശരി അപേക്ഷകൾ 19 ആണ്. മേൽ സാഹചര്യത്തിൽ പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടില്ല. എന്നാൽ സെക്ഷൻ 2(എം), സെക്ഷൻ 85 എന്നീ കാറ്റഗറിയിൽ വരുന്ന 24,381 ഫാക്ടറികൾ ഗ്രേഡിംഗിനായുള്ള അപേക്ഷ സമർപ്പിക്കുന്ന സാഹചര്യമുണ്ടായാൽ നിലവിലുള്ള സ്റ്റാഫിനെ ഉൾപ്പെടുത്തി ഒരു പൂൾ തയ്യാറാക്കി 30-ഓ 40-ഓ ദിവസം കൊണ്ട് ഗ്രേഡിംഗ് പ്രോസസ് ചെയ്യുകയാണെങ്കിൽ ആയത് ഓരോ ഫാക്ടറി ഡിവിഷനിലേയും ഉദ്യോഗസ്ഥരുടെ ദൈനംദിന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. പുതിയ ലൈസൻസിനു വേണ്ടിയുള്ള അപേക്ഷകൾ പരിശോധിക്കൽ, പെർമിറ്റ് അപേക്ഷകളുടെ സൂക്ഷ്മ പരിശോധന, എം ഇൻസെക്ടർ-ഇൻസ്പെക്ഷൻ ഷെഡ്യൂൾ മുഖാന്തരമുള്ള ഫാക്ടറി, ബോയിലർ പരിശോധന വിവിധ ജില്ലാതല മീറ്റിംഗുകൾ എന്നിവയെയും സാരമായി ബാധിക്കും. ആയതിനാൽ മേൽ സാഹചര്യമുണ്ടായാൽ നിലവിലെ സ്റ്റാഫിനെ ഉൾപ്പെടുത്തി ഒരു പൂൾ തയ്യാറാക്കി ഗ്രേഡിംഗിനായി ലഭിക്കുന്ന അപേക്ഷകൾ പ്രോസസ് ചെയ്യിക്കുന്നത് പ്രായോഗികമല്ല എന്ന സ്ഥിതിയാണുള്ളത്.

**ശിപാർശ**

ഗ്രേഡിംഗിനുള്ള അപേക്ഷകളുടെ പ്രോസസിംഗ് സോഫ്റ്റ് വെയർ പ്രകാരം ചെയ്യുന്നതിനാൽ ഓരോ അസിസ്റ്റന്റ് ലേബർ ഓഫീസറുടെ കീഴിലും എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും ടി സ്ഥാപനങ്ങളിൽ എത്ര തൊഴിലാളികൾ ഉണ്ടെന്നും ഏതൊക്കെ സ്ഥാപനങ്ങളാണ് ഗ്രേഡിംഗിന് കീഴിൽ വരാത്തതെന്നും അറിയാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗ്രേഡിംഗിന് കീഴിൽ വന്നിട്ടില്ലാത്ത സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർ കർശന പരിശോധന നടത്തി

നടപടി സ്വീകരിക്കുകയും അവിടത്തെ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തുകയും അവരുടെ മാനുഷികമായ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുക, വഴി ടി സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഗ്രേഡിംഗ് കാരണമായിത്തീരുമെന്ന് സമിതി പ്രത്യാശിക്കുന്നു.

(ഖണ്ഡിക 19)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഗ്രേഡിംഗിനുള്ള അപേക്ഷകളുടെ പ്രോസസിംഗ് സോഫ്റ്റ് വെയർ മുഖേനയാണ് നടത്തിവരുന്നത്. അസിസ്റ്റന്റ് ലേബർ ഓഫീസുകളിൽ രജിസ്റ്റർ ചെയ്ത് രജിസ്ട്രേഷൻ നമ്പർ കരസ്ഥമാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് മാത്രമാണ് ഗ്രേഡിംഗ് പോർട്ടലിലൂടെ അപേക്ഷ സമർപ്പിക്കുവാൻ അവസരമുള്ളത് എന്നതിനാൽ ഗ്രേഡിംഗിന് കീഴിൽ വന്നിട്ടില്ലാത്ത സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും അവിടങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്ക് പരിശോധന നടത്തുന്നതിനും കഴിയും. ഗ്രേഡിംഗിന് കീഴിൽ വരാത്ത സ്ഥാപനങ്ങളിൽ മാത്രമല്ല. മിനിമം കൂലി ഉറപ്പുവരുത്തുന്നതിനും തൊഴിലാളികളുടെ മാനുഷികമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും എല്ലാ സ്ഥാപനങ്ങളിലും അസിസ്റ്റന്റ് ലേബർ ഓഫീസർ പരിശോധന നടത്തി, മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. സമിതിയുടെ നിർദ്ദേശ പ്രകാരം ഗ്രേഡിംഗിൽ പങ്കെടുക്കാത്ത സ്ഥാപനങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തി പരിശോധനകൾ നടത്തുവാൻ വേണ്ട നിർദ്ദേശം അസിസ്റ്റന്റ് ലേബൽ ഓഫീസർമാർക്ക് നൽകുന്നതാണ്.

2. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ പ്രശ്നങ്ങൾ/ രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ചുള്ള പ്രത്യേക റിപ്പോർട്ട്

**ശിപാർശ**

ഇതര സംസ്ഥാന തൊഴിലാളികളെല്ലാം ക്രിമിനലുകളാണെന്ന് വ്യാഖ്യാനിക്കുന്നത് ശരിയല്ലെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ഒറ്റപ്പെട്ട അക്രമ സംഭവങ്ങളും, ലഹരി മരുന്നിന്റെ ഉപയോഗവും തടയാൻ പോലീസ് ഫലപ്രദമായി ഇടപെടണമെന്നും ഇപ്പോൾ ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന മേഖലകളിൽ നടത്തുന്ന പട്രോളിംഗ് ശക്തിപ്പെടുത്തണമെന്നും അവരുടെ പരാതികൾ സ്വീകരിക്കാൻ നടപടി എടുക്കണമെന്നും ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ മയക്കുമരുന്നിന്റെ ഉപയോഗം തടയാനും ഇവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനും, അന്യസംസ്ഥാന തൊഴിലാളി താമസിക്കുന്ന ക്യാമ്പുകളിലും/മേഖലകളിലും ശക്തമായി പോലീസ് പട്രോളിങ് നടത്താനും ഇതരസംസ്ഥാന തൊഴിലാളികളുടെ പരാതികൾ സ്വീകരിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെ. കൃഷ്ണൻകുട്ടി,**

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,

*2021 ജൂൺ 30.*

<u>അനുബന്ധം</u>

## 22-7-2020-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII 2020 ജൂലൈ മാസം 22-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ 'V-ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം. എം. മണിയും ഹാജരായിരുന്നു.

എം.എൽ.എ. മാരായ ശ്രീ. കെ. ദാസൻ, ശ്രീ. എം. രാജഗോപാലൻ എന്നിവർ ഗൂഗിൾ മീറ്റ് മുഖേന യോഗത്തിൽ പങ്കെടുത്തു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി എ. വി. ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

<u>ഗൂഗിൾ മീറ്റ് മുഖേന ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. സത്യജിത്ത് രാജൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

2. ഡോ. ദിനേശ് അറോറ, സെക്രട്ടറി, ഊർജ്ജ വകുപ്പ്.

സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസപത്രികകൾ, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. <u>സമിതിയുടെ വിവിധ കാലയളവുകളിലുള്ള റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ</u>

## 1. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്-അനന്തര നടപടികൾ സംബന്ധിച്ച്

(ഫയൽ നമ്പർ 3181/സബ്.സി.സി1/2019/നി.സെ.)

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 40-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ചുവടെ ചേർത്തിരിക്കുന്ന ചർച്ചകൾക്കുശേഷം അംഗീകരിച്ചു:

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ സാമൂഹ്യനീതി വകുപ്പും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും സംയുക്തമായി നടത്തിയ ഉദ്യോഗസ്ഥതല മീറ്റിംഗിൽ, കൈവല്യ പദ്ധതിയിലൂടെ ഭിന്നശേഷിക്കാർക്ക് ലഭ്യമാക്കുന്ന ആനുകൂല്യം സംബന്ധിച്ച പ്രൊപ്പോസൽ അംഗീകരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും ടി പ്രൊപ്പോസൽ സംബന്ധിച്ച തുടർപ്രവർത്തനം ശക്തിപ്പെടുത്തി ഓണത്തിനു മുമ്പ് പ്രാവർത്തിക മാക്കുന്നതിനും ആനുകൂല്യം നൽകുന്നതിന് കേന്ദ്രസഹായം ലഭ്യമാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുത വിഷയം സംബന്ധിച്ച മീറ്റിംഗിൽ കേന്ദ്ര ഗവൺമെന്റിന്റെകീഴിലുള്ള ഹാൻഡികാപ്ഡ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ പങ്കെടുത്തിരുന്നു വെന്നും അവർ റിവൈസ്ഡ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി ഈ മാസം അവസാനം പൂർത്തിയാക്കാൻ സാധിക്കുമെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 41, 44, 45 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും (ജി) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 50, 51, 52, 53, 54 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 56, 57, 58 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

ഊർജ്ജ (എ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 72-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

ഊർജ്ജ (പി. എസ്.) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 73, 74 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

## 2. സംസ്ഥാനത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ഫയൽ നമ്പർ 4367/സബ്.സി.സി1/2018/നി.സെ.)

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റുമെന്റുകൾ സമിതി അംഗീകരിച്ചു.

II. <u>സമിതിയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോട്ടുകളെ സംബന്ധിച്ച കാലതാമസപത്രികകൾ (2018-19)</u>

വാർഷിക പ്രവർത്തന റിപ്പോട്ടുകളെ സംബന്ധിച്ച ചുവടെ ചേർത്തിരിക്കുന്ന കാലതാമസപത്രികകൾ സമിതി അംഗീകരിച്ചു:

**ഊർജ്ജ വകുപ്പ്**

1. (എനർജി മാനേജ്മെന്റ് സെന്റർ) (2810-00-800-93-P-V)

   (സർക്കാർ കത്ത് നമ്പർ എ 1/45/2020/ഊ.വ.തീയതി 18-6-2020)

2. (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്)

   (4810-00-800-99-P-V,

   2810-00-800-94-P-V,

   2810-00-800-79-P-V).

   (സർക്കാർ കത്ത് നമ്പർ PWR-A3/75/2019/Power തീയതി 18-6-2020)

3. സമിതിയുടെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

4. സമിതിയുടെ 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## 21-1-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2021 ജനുവരി മാസം 21-ാം തീയതി വ്യാഴാഴ്ച സഭ പിരിഞ്ഞതിനുശേഷം രാത്രി 10.40-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളനഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം. എം മണിയും തദവസരത്തിൽ ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ.
2. ശ്രീ. പി. ഉണ്ണി, എം. എൽ. എ.
3. ശ്രീമതി വീണാ ജോർജ്ജ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി നിഷ. എസ്., അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
2. ശ്രീ. ഡി. ലാൽ., അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
3. ശ്രീ. ടി. ശ്രീകുമാർ., അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
4. ശ്രീ. പി. സുരേന്ദ്രൻ, ഡി. ഐ. ജി. (Admn.)
5. ശ്രീ. ടി. എഫ്. സേവ്യർ, എ. ഐ. ജി, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്
6. ശ്രീ. ബി. അരുൺ., ജോയിന്റ് ലേബർ കമ്മീഷണർ, തൊഴിൽ വകുപ്പ്
7. ഡോ. ചിത്ര, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ്
8. ശ്രീ. പ്രമോദ്. പി. ഡയറക്ടർ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്
9. ശ്രീ. ബി. ജസ്റ്റിൻ രാജ്., അഡീഷണൽ ഡയറക്ടർ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡയറക്ടറേറ്റ്

10. ശ്രീ. ജോർജ് ഫ്രാൻസിസ് എം. എ, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ്.

സമിതി, വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ, ആയത് സംബന്ധിച്ച കാലതാമസ പത്രികകൾ; ' KASE'-ന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്റെ കരട് തുടങ്ങിയവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

I. <u>വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ</u>

### 1. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3181/സബ്.സി.സി1/2019/നി.സെ.)

താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളെ സംബന്ധിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് കാലതാമസപത്രിക സഹിതം സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും കാലതാമസപത്രികകളും നടപടി സ്റ്റേറ്റ്മെന്റുകളും അംഗീകരിക്കുകയും ചെയ്തു:

ഖണ്ഡിക നമ്പർ 1-5, 7, 10, 15, 24-36, 46-49, 55

### 2. 2020-21-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1999/സബ്.സി.സി1/2020/നി.സെ.)

താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളെ സംബന്ധിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

ഖണ്ഡിക നമ്പർ :- 1, 2, 4, 6, 7, 8, 11, 13, 16, 21, 44, 46, 48, 49

### 3. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാപ്രശ്നങ്ങൾ/ രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ഫയൽ നമ്പർ 5306/സബ്സി.സി1/2016/നി.സെ.)

ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 18 സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

II. <u>വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ മേശപ്പുറത്ത് വെയ്ക്കുന്നതിന് ഉണ്ടായ കാലതാമസത്തിന് കാരണങ്ങൾ വിശദീകരിക്കുന്ന പത്രികകളുടെ പരിഗണന</u>

2019-20 സാമ്പത്തികവർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ മേശപ്പുറത്ത് വെയ്ക്കുന്നതിന് ഉണ്ടായ കാലതാമസത്തിന് കാരണങ്ങൾ വിശദീകരിക്കുന്ന താഴെപ്പറയുന്ന പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

**1. തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് (ലേബർ കമ്മീഷണറേറ്റ്)**

(ഫയൽ നമ്പർ 454/സബ്സി.സി1/20/നി.സെ.)

സർക്കാർ കത്ത് നമ്പർ D3/125/2020/തൊഴിൽ, തീയതി 28-12-2020

**2. കേരള കർഷക തൊഴിലാളിക്ഷേമനിധി ബോർഡ്**

(ഫയൽ നമ്പർ 454/സബ്സി.സി1/20/നി.സെ.)

സർക്കാർ കത്ത് നമ്പർ ആർ2/84/2020/തൊഴിൽ, തീയതി 7-1-2021

**3. കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്**

(ഫയൽ നമ്പർ 454/സബ്സി.സി1/20/നി.സെ.)

സർക്കാർ കത്ത് നമ്പർ ആർ1/16/2020/തൊഴിൽ, തീയതി 13-1-2021

**4.കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്**

(ഫയൽ നമ്പർ 454/സബ്സി.സി1/20/നി.സെ.)

സർക്കാർ കത്ത് നമ്പർ ഡി1/39/20/തൊഴിൽ, തീയതി 16-1-2021

III. <u>'KASE'-ന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്റെ പരിഗണന</u>

'KASE'-ന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം രാത്രി 11.00 മണിക്ക് പിരിഞ്ഞു.

---